

സെപ്റ്റംബർ 2024
മഹിളാവീഥി
മാഗസിൻ




Painting. Aji Adoor

# ഓണം ബമ്പർ 25 കോടി!

| | | | | |
|---|---|---|---|---|
| 2ാം സമ്മാനം<br>**₹1 കോടി**<br>വീതം 20 പേർക്ക്<br>COMMON TO ALL SERIES | 3ാം സമ്മാനം<br>**₹50 ലക്ഷം**<br>വീതം 20 പേർക്ക്, ഓരോ പരമ്പരയിലും 2 സമ്മാനം. | 4ാം സമ്മാനം<br>**₹5 ലക്ഷം**<br>വീതം<br>10 പരമ്പരകൾക്ക് | 5ാം സമ്മാനം<br>**₹2 ലക്ഷം**<br>വീതം<br>10 പരമ്പരകൾക്ക് | കൂടാതെ<br>**5000, 2000, 1000, 500**<br>രൂപയുടെ നിരവധി സമ്മാനങ്ങൾ |

കേരള സംസ്ഥാന ഭാഗ്യക്കുറി

കേരള സർക്കാർ

# മഹിളാവീഥി

2024 സെപ്റ്റംബർ | പുസ്തകം 9 ലക്കം 9

പ്രിന്റർ & പബ്ലിഷർ & മാനേജിംഗ് എഡിറ്റർ
പി.ടി നിസാർ

ചീഫ് എഡിറ്റർ
അനീസ എ.കെ

സ്പെഷ്യൽ കറസ്പോണ്ടന്റ്
ഒ.വി വിജയൻ, കല്ലാച്ചി
കുമ്പളങ്ങാട് ഉണ്ണികൃഷ്ണൻ, ചെന്നൈ
ബാബു ഫ്രാൻസിസ്, കുവൈറ്റ്
ബേബി കടവൻ, വയനാട്

മാർക്കറ്റിങ് മാനേജർ
പി.കെ ജയചന്ദ്രൻ

ലീഗൽ അഡ്വൈസർ
അഡ്വ. ജോയ് അബ്രഹാം

കവർ & ലേ ഔട്ട്
നവാസ് എൻ

മഹിളാവീഥി മാഗസിൻ 2024
വില: 20/

# ഉള്ളടക്കം

എഡിറ്റോറിയൽ

ഓണം ആഘോഷങ്ങളുടെ പൂക്കാലം

**കഥ**

വേലുച്ചാമി 04
ഒ.കെ. ശൈലജ ടീച്ചർ

**കവിത**

പെയ്തിറങ്ങുമ്പോൾ 09
ശ്രീജ ചേളന്നൂർ

ദ് വെജിറ്റേറിയൻ 10

അമേരിക്കയിലെ സമ്പന്ന വനിതകളുടെ പട്ടികയിൽ 4 ഇന്ത്യൻ വംശജർ 11

**കഥ**

**വീണ്ടും അവൻ**
ഉസ്മാൻ ചാത്തംചിറ 12

തിരോധാനം
ഈപ്പൻ പി.ജെ 15

Edited, Printed & Published by P.T. NIZAR
For MAHILAVEEDHI MAGAZINE
P.B. No. 15, Limra Tower,
Paninker Road, West Nadakkavu, Calicut - 19
Ph: 0495 2769086
Printed at: papyrus Printers, Near KSRTC
Bus Stand, Calicut 04

## എഡിറ്റോറിയൽ



# ഓണം ആഘോഷങ്ങളുടെ പൂക്കാലം

ആഘോഷത്തിന്റെ പൂവിളികളുമായി പൊന്നോണമണഞ്ഞിരിക്കുന്നു. കള്ളവും ചതിയുമില്ലാതെ മനുഷ്യരെല്ലാരും സന്തോഷത്തോടെ വാണിരുന്ന മാവേലി മന്നന്റെ ഭരണകാലത്തിന്റെ മധുരസ്മരണകളാണ് ഓണം നമ്മെ ഓർമ്മിപ്പിക്കുന്നത്. മലയാളികൾക്കെല്ലാം ആഘോഷ തിമർപ്പാണ് ഓരോ ഓണക്കാലവും സമ്മാനിക്കുന്നത്. എങ്ങും പൂവിളികൾ, അത്തങ്ങളുടെ മനോഹാരിതകൾ, പാട്ടും ഡാൻസും എല്ലാം ചേർന്ന് കേരളമാകെ ആഘോഷങ്ങൾ. മലയാളികൾ ഉള്ളിടത്തെല്ലാം ഓണം ആഘോഷിക്കപ്പെടുമ്പോൾ, കൈരളിയുടെ മനോഹാരിത ലോകമെങ്ങും പരക്കുകയാണ്. പരസ്പരം സ്നേഹിക്കാനും, ജാതി-മത ചിന്തകളില്ലാതെ ആഘോഷിക്കപ്പെടുന്ന ഒന്നാണ് ഓണാഘോഷം. അത് മഹാനായ ഒരു ഭരണാധികാരിയുടെ സദ്ഭരണത്തിന്റെ സ്മരണകളായി ഓർമ്മിക്കപ്പെടുമ്പോൾ കൂടുതൽ ചാരുതയേകുകയാണ്.

ഓണം സമത്വത്തിന്റെ സന്ദേശമാണ്. മാനവരെല്ലാവരും സമൻമാരായി വാഴുന്ന സന്ദേശത്തിന്റെ വാഹകരായി നമുക്കോരോത്തർക്കും മാറാം. പ്രിയപ്പെട്ട വായനക്കാർക്ക് മഹിളാവീഥി മാഗസിന്റെ ഓണാശംസകൾ.

**എ.കെ.അനീസ**
**ചീഫ് എഡിറ്റർ**
**മഹിളാവീഥി**

**കഥ**

# നഖക്ഷതം

സരള ക്ലോക്കിലേക്ക് നോക്കി. സമയം ഒൻപത് മണി കഴിഞ്ഞിരിക്കുന്നു. കനത്ത മഴ വരുന്ന ലക്ഷണവുമുണ്ട്. ഇന്നും മുതലാളിയുടെ വഴക്ക് കേൾക്കേണ്ടി വരുമല്ലോ എന്നോർത്തപ്പോൾ അവൾക്ക് പേടി തോന്നി.

അലക്കിയ തുണികൾ വേഗം അയയിലിട്ട് അകത്തേക്കു നോക്കിക്കൊണ്ടു ഉച്ചത്തിൽ വിളിച്ചു.

‘ മോളേ..മോളേ ..ഇനിയും എഴുന്നേറ്റില്ലേ ? വേഗം വാ, അമ്മ കുളിപ്പിച്ചു തരാം.‘



ഇന്നും വൈകിയല്ലോ ഈശ്വരാ, അവൾ തോർത്തും സോപ്പുമെടുത്തു കുളിമുറിയിൽ കയറി തലയിൽക്കൂടി ഒരു ബക്കറ്റ് വെള്ളം ഒഴിച്ചു തലമുടി നന്നായി തുവർത്തിക്കൊണ്ടു പുറത്തിറങ്ങി. വീണ്ടും മോളെ വിളിച്ചെങ്കിലും അവൾ വരികയോ, വിളി കേൾക്കുകയോ ഉണ്ടായില്ല. ‘ഈ കുട്ടി ഇനിയും ഉണർന്നില്ലേ, എന്തൊരു ഉറക്കമാണിത്.‘

സരള അകത്തേക്കു കയറിപ്പോയി. അനുമോൾ മുറിയിലില്ലായിരുന്നു.

മോൾ എവിടെപ്പോയി ?

പരിഭ്രമത്തോടെ വീണ്ടും ഉറക്കെ വിളിച്ചു. ' മോളേ..മോളേ '

അപ്പോഴാണ് ടോയ്‌ലറ്റിൽ നിന്നും ഒരു ഞരക്കം കേട്ടത്.

' അനുമോളുടെ ശബ്ദമാണല്ലോ '

' ഈശ്വരാ... !

മോളേ..'

നിലവിളിയോടെ സരള അവിടേക്കോടി. വാതിൽ തുറന്നു കിടക്കുന്നു. തറയിൽ ചുമരും ചാരിയിരിക്കുന്നു അനുമോൾ. കയ്യിൽ ചുരുട്ടിപ്പിടിച്ചിരിക്കുന്നു അവളുടെ അടിവസ്ത്രം. വല്ലാതെ പേടിച്ചരണ്ടതുപോലുള്ള മോളുടെ മുഖം കണ്ടപ്പോൾ സരളയ്ക്കു പരിഭ്രമമായി. അവൾ വേഗം മോളെയെടുത്തു അവളുടെ കയ്യിൽ നിന്നും അടിവസ്ത്രം വാങ്ങി. അത് നിവർത്തിയപ്പോൾ കണ്ട കാഴ്ച അവളെ പരിഭ്രാന്തയാക്കി. അതിൽ രക്തക്കറ തെളിഞ്ഞു നില്ക്കുന്നു.

' ഇതെങ്ങനെ സംഭവിച്ചു, എന്റെ കുഞ്ഞിനെന്തു പറ്റി ?'

അവൾ മകളെ നെഞ്ചോടമർത്തി പൊട്ടിക്കരഞ്ഞു. രണ്ടു ഹൃദയങ്ങളുടെ ആർത്തനാദം ആരും കേൾക്കാനില്ലാതെ അന്തരീക്ഷത്തിൽ ലയിച്ചു.

സരള വേഗം മോളെ കുളിപ്പിച്ചു. കുളിപ്പിക്കുന്നതിനിടയിൽ അനുവിന്റെ രഹസ്യ ഭാഗത്തു കണ്ട ക്ഷതങ്ങൾ അവളെ ഭയചകിതയാക്കി. കുളിപ്പിക്കുമ്പോൾ അനുവിനു വേദനിക്കുന്നുവെന്നു കൂടി പറഞ്ഞപ്പോൾ ആ മാതൃഹൃദയം പിടഞ്ഞു. തളർന്നുവീഴുമെന്ന് അവർക്കു തോന്നിയെങ്കിലും ഒരു ഉൾവിളിപോലെ മോളേയുമെടുത്തു ആശുപത്രിയിലേക്കോടി.

കരഞ്ഞു കലങ്ങി പേടിച്ചരണ്ട മുഖവുമായി, ഓടിക്കിതച്ച് തന്റെ അടുത്തെത്തിയ കൂട്ടുകാരിയേയും ക്ഷീണിതയായ കുഞ്ഞിനേയും കണ്ടപ്പോൾ ഡോക്ടർ രേവതിക്ക് പന്തികേട് തോന്നി. സരളയുടെ ക്ലാസ്മേറ്റായിരുന്നു ഡോക്ടർ രേവതി. സരളയ്ക്ക് എല്ലാ സങ്കടങ്ങളും ഇറക്കി വെക്കാനുള്ള ആശ്വാസ തുരുത്തായിരുന്നു അവർ. സരള കാര്യങ്ങൾ വിശദമായി പറഞ്ഞു. ഭയവും ദു:ഖവും കൊണ്ട് ആ അമ്മയുടെ ശബ്ദം ഇടറുകയും കണ്ണുകൾ നിറഞ്ഞു തുളുമ്പുകയും ചെയ്യുന്നത് കണ്ടപ്പോൾ ഡോക്ടർ തന്റെ സഹപാഠിയുടെ തോളിൽ കൈവെച്ചു കൊണ്ടു, അനുമോളെ ചേർത്തുപിടിച്ചു ആശ്വസിപ്പിച്ചു.

'മോള് വിഷമിക്കണ്ടട്ടോ... പേടിക്കേം വേണ്ട. ആന്റി മോളെ ഒന്ന് പരിശോധിക്കട്ടെ.' അവർ അനുമോളെ വിശദമായി പരിശോധിച്ചു. നേഴ്സിനെ വിളിച്ചു രക്തസാമ്പിളെടുത്തു വേണ്ട നിർദ്ദേശങ്ങൾ നല്കി.

സരളയെ വിളിച്ചു.

' സരള ഞാൻ പറയുന്നതു ശാന്തമായി ശ്രദ്ധിച്ചു കേൾക്കണം. ഭാഗ്യത്തിന് മോൾക്ക് അരുതാത്തതൊന്നും സംഭവിച്ചിട്ടില്ല. ഒന്നു പേടിപ്പിക്കാനായി. അത്ര മാത്രമേ ഉണ്ടായുള്ളൂ. നീ സമാധാനമായിട്ടിരിക്കൂ. റിസൽട്ട് വരട്ടെ. നമുക്ക് നോക്കാം. ഭയപ്പെടാതിരിക്കൂ. എന്തിനും ഞാനുണ്ട് കൂടെ'

'മോൾക്ക് എന്ത് പറ്റിയതാണ് ഡോക്ടർ ? എനിക്കു പേടിയാകുന്നു. എന്റെ കുഞ്ഞ് !' സരളയ്ക്കു തല കറങ്ങുന്നതു പോലെ തോന്നി. അവൾ കുഴഞ്ഞുപോകുന്നുണ്ടായിരുന്നു.

ഡോക്ടർ അവളെ ആശ്വസിപ്പിച്ചു ധൈര്യം നല്കി.

'നീ ഇങ്ങനെ നെർവസ് ആകാതെ. ആത്മസംയമനമാണ് വേണ്ടത്. ക്ഷമയോടെ കാര്യങ്ങൾ നല്ലപോലെ ചിന്തിച്ചു കൈകാര്യം ചെയ്യണം. അതിനു നീ ധൈര്യമായി സഹകരിക്കണം'.

കുറച്ചു സമയം മറ്റു രോഗികളെ മുറിയിലേക്കു കടത്തിവിടാതെ ശ്രദ്ധിക്കാൻ നേഴ്സിനു നിർദ്ദേശം നല്കിക്കൊണ്ടു ഡോക്ടർ സരളയെയും കൂട്ടി അവരുടെ പ്രൈവറ്റ് റൂമിലിരുന്നു കൊണ്ടു സംസാരിച്ചു.

' സരളയും മോളും മാത്രമാണോ വീട്ടിലുള്ളത് ?'

' അതെ ഡോക്ടർ. അനുമോളുടെ അച്ഛൻ മാസത്തിലൊരിക്കലാണു വരുന്നത്.'

' സ്ക്കൂൾ അവധി ദിവസങ്ങളിൽ അനുമോൾ എന്തു ചെയ്യും ?'

' ഞാൻ കൂടെ കൊണ്ടുപോകും ഡോക്ടർ. അവിടെ മുതലാളിക്ക് വലിയ ഇഷ്ടമാണ് മോളെ. അദ്ദേഹത്തിന്റെ ഭാര്യയ്ക്കും മകനും മോളോടു നല്ല സ്നേഹമാണ്. മോൾക്കും അവരെ നല്ല ഇഷ്ടമാണ്.'

' ഇന്നലെ മോൾ അവരുടെ വീട്ടിലായിരുന്നോ? അതോ തുണിക്കടയിലോ?'

' അവരുടെ വീട്ടിലായിരുന്നു ഡോക്ടർ. ഇന്നലെ മുതലാളിയുടെ മകന്റെ പിറന്നാളായിരുന്നു. മോൾക്കും പുതിയ വസ്ത്രം തന്നിരുന്നു. അത് ധരിച്ചാണവൾ പോയത്.'

‘പാർട്ടി എപ്പോഴായിരുന്നു. സരളപങ്കെടുത്തില്ലേ ?‘

‘ രാത്രിയായിരുന്നു പാർട്ടി. തുണിക്കടയിലെ ജോലി കഴിഞ്ഞു ഞാനവിടെ എത്തുമ്പോൾ പാർട്ടി കഴിയാറായിരുന്നു. മോള് അവരോടൊപ്പം ഭക്ഷണം കഴിക്കുകയായിരുന്നു. ഞാൻ മുതലാളിയുടെ ഭാര്യയെ അല്പം സഹായിച്ചു . അവരോടൊപ്പമിരുന്നു ഭക്ഷണം കഴിച്ചു. അപ്പോഴേക്കും മോള് ഉറങ്ങിപ്പോയിരുന്നു. പിന്നെ ഓട്ടോ പിടിച്ചാണ് ഞങ്ങൾ വീട്ടിലെത്തിയത്. നല്ല ക്ഷീണമുണ്ടായിരുന്നതു കൊണ്ടു ഞാനും വേഗം കിടന്നുറങ്ങി.‘

‘മോൾ ഉറങ്ങിപ്പോയെന്നു പറഞ്ഞല്ലോ. എവിടെയായിരുന്നു മോളുറങ്ങിയത് ?‘

‘എന്താണ് ഡോക്ടർ ? എന്ത് പറ്റിയതാണെന്റെ മോൾക്ക്‘

‘നീ സമാധാനത്തോടെ എന്റെ ചോദ്യങ്ങൾക്ക് മറുപടി പറയൂ. പേടിക്കാനൊന്നുമില്ലെന്നു ഞാനല്ലേ പറഞ്ഞത്.‘

‘മോള് മുകളിലെ മുറിയിലായിരുന്നു. മോളുറങ്ങിപ്പോയെന്നു പറഞ്ഞു അവളെയെടുത്തു താഴെകൊണ്ടുവരുകയായിരുന്നു മുതലാളി.‘

‘ഉം ...‘

അല്പസമയം ഡോക്ടർ ആലോചനയിലാണ്ടു. ഇത്തരം കേസുകൾ മുൻപും തന്റെ മുമ്പിലെത്തിയിട്ടുള്ളതും അതൊക്കെ വേണ്ട വിധം കൈകാര്യം ചെയ്തു എക്സ്പീരിയൻസുള്ള ഡോക്ടറുടെ മനസ്സിലൂടെ പല ചിന്തകളും കടന്നുപോയി.

അടുത്ത ദിവസങ്ങളിലായി എല്ലാത്തിലും ഇരകൾ നിഷ്കളങ്കരായ കുഞ്ഞുങ്ങൾ! വേട്ടക്കാരോ .... പല്ലുകൊഴിഞ്ഞ സിംഹങ്ങൾ! അല്ലെങ്കിൽ മീശമുളച്ചു വരുന്ന കൗമാരക്കാർ. ഓരോ ശിശുരോദനത്തിലും കേൾക്കുന്നു കവി പാടിയതുപോലെ ഒരു കോടി ഈശ്വരവിലാപങ്ങൾ. എന്നിട്ടും ഒരു ഈശ്വരനും കണ്ണു തുറക്കുന്നില്ലല്ലോ.

ഡോക്ടർ സരളയേയും

കൂട്ടി കൺസൽട്ടിംഗ് റൂമിലേക്കു വന്നു. പുറത്തു കാത്തുനില്ക്കുന്ന രോഗികളെ പരിശോധിക്കാൻ തുടങ്ങി.

സിസ്റ്റർ അനുമോളുടെ ബ്ലഡ് റിസൽട്ടുമായി അവിടേക്കു വന്നു. റിസൽട്ട് പരിശോധിക്കുന്നതിനിടെ ഡോക്ടറുടെ മുഖത്തു പടർന്ന രോഷഭാവം സരള ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഫാനിന്റെ ചുവട്ടിലിരുന്നിട്ടും അവൾ നന്നായി വിയർത്തു.



‘ഡോക്ടർ .....!‘

‘ സരളേ അനുമോളേ ഏതോ തന്തയില്ലാത്തവൻ ബലം പ്രയോഗിച്ചതിന്റെ ക്ഷതങ്ങളാണ് മോളുടെ ശരീരത്തിൽ കണ്ടത്.....‘ മുഴുവൻ കേൾക്കാനാവാതെ സരള വിങ്ങിപ്പൊട്ടി. പരിസരം മറന്നവൾ പൊട്ടിക്കരഞ്ഞു.

‘ഡോക്ടർ എന്റെ മോളെ എല്ലാവർക്കും ഇഷ്ടമായിരുന്നല്ലോ. കുഞ്ഞല്ലേ അവൾ . എന്റെ കുഞ്ഞിനോട് ആരാണ് ഈ ക്രൂരത ചെയ്തത് ? മന:സാക്ഷിയില്ലാത്ത ആ ദ്രോഹി ആരായിരിക്കും?‘

സരള ഏങ്ങലടിക്കുന്നതിനിടയിൽ പറഞ്ഞു.

‘നീ ഒച്ച വെക്കാതെ. പുറത്തുള്ളവർ കേൾക്കും. ഇപ്പോൾ ഇത് ആരും അറിയാൻ പാടില്ല. സൂക്ഷിച്ചു കൈകാര്യം ചെയ്യണം. ഇന്നലത്തെ പാർട്ടിയിൽ മദ്യലഹരിയിൽ ഏതോ പിശാച് ചെയ്തതാണ്. മോള് നന്നായി ഭയപ്പെട്ടിട്ടുണ്ട്. അവളവിടെ നിന്നും കഴിച്ച ഭക്ഷണത്തിൽ ഉറക്കഗുളിക കലർത്തിയിരിക്കുന്നു. ആരായാലും മുൻകൂട്ടി പ്ലാൻ ചെയ്തതാണ്. അവർ ഉദ്ദേശിച്ച

തു പോലെ നടക്കാത്തത് നമ്മുടെ ഭാഗ്യം. ചിലപ്പോൾ അവിടെ ആരെങ്കിലും വന്നു കാണാം.

അനുമോളോട് ചോദിച്ചിട്ട് മോളൊന്നും പറയുന്നില്ല. പേടിച്ചു കരയുകയാണുണ്ടായത്. കുഞ്ഞല്ലേ ... മോൾക്ക് മനസ്സിലായിക്കാണില്ല അവരുടെ ദുരുദ്ദേശം. സ്നേഹം കൊണ്ടാണെന്നു കരുതിയിരിക്കും.'

കൂടുതൽ പറയാൻ ഡോക്ടർക്കു കഴിയുന്നില്ല. പെറ്റമ്മയോടെങ്ങനെ പറയും. അവൾക്കത് താങ്ങാനാവില്ലല്ലോ. അവർ തന്റെ ഉള്ളുപിടയുന്നതു നിയന്ത്രിച്ചു കൊണ്ടു സരളയെ സമാധാനിപ്പിച്ചു.

'നീ വേവലാതിപ്പെടാതെ. മരുന്നു കുറിച്ചു തരാം. രണ്ടു ദിവസം ഇവിടെ നിൽക്കട്ടെ. മോളൊന്നു റിലാക്സ് ആകട്ടെ. മോളോട് ഇതേപ്പറ്റി ഇനിയൊന്നും സംസാരിക്കേണ്ട. സരളയുടെ കണ്ണും മുഖവും നന്നായി തുടക്കൂ. മോളെ സങ്കടപ്പെടുത്താതെ നോക്കണം. വിനോദിന്റെ നമ്പർ തരൂ . ഞാൻ കാര്യങ്ങൾ വേണ്ടവിധത്തിൽ അറിയിച്ചു കൊള്ളാം. മോൾ ഡിസ്ചാർജ്ജായാൽ ഞാൻ വീട്ടിലോട്ടു വരാം. നീ തല്ക്കാലം കുറച്ചു ദിവസം ലീവെടുത്തു മോൾക്കൊപ്പം തന്നെ നില്ക്കൂ . മോൾക്ക് നല്ല കൗൺസിലിംഗ് കൊടുക്കണം. അതൊക്കെ ഞാൻ ഏർപ്പാടാക്കിക്കൊള്ളാം.

സിസ്റ്റർ അനു മോളെയും കൂട്ടി അവരുടെ അടുത്തെത്തി. അവളുടെ മുഖത്തെ ഭയവും ക്ഷീണവും വിട്ടു മാറിയിരുന്നില്ല.

'അനൂ രണ്ടുദിവസം നമുക്കിവിടെ നില്ക്കാം ട്ടോ. അതു കഴിഞ്ഞു ആന്റി വീട്ടിൽ വരാം. ഡോക്ടർ അവളുടെ കവിളിൽ തലോടിക്കൊണ്ടു പറഞ്ഞു. മോളൊന്നു ചിരിക്കൂ. ഒന്നും പേടിക്കണ്ട ട്ടോ ..... ആന്റിയുണ്ട് കൂടെ.'

ഡോക്ടർ മനസ്സിലോർത്തു. മുറിവേറ്റ ഹൃദയങ്ങളാണ് രക്ഷയ്ക്കായി തന്റെ അടുത്തെത്തിയിരിക്കുന്നത്. ശരീരത്തിനേൽക്കുന്ന മുറിവുകൾ പെട്ടെന്നുണങ്ങും. പക്ഷേ മനസ്സിനേൽക്കുന്ന ഇത്തരം മുറിവുകൾ ജീവിതകാലം മുഴുവൻ വേട്ടയാടിക്കൊണ്ടിരിക്കും. ആ നീറ്റൽ ഒരിക്കലും അണഞ്ഞില്ലെങ്കിൽ ഭാവിജീവിതത്തെ അത് സാരമായി ബാധിക്കും. അതിനനുവദിച്ചു കൂട.

രണ്ടുപേരേയും ആശ്വസിപ്പിച്ചിട്ട് വാർഡിലേക്കു മാറ്റി. ഡോക്ടർ വീണ്ടും പരിശോധന തുടങ്ങി.



ഡോക്ടർ വളരെ ശ്രദ്ധയോടെ തന്ത്രപൂർവ്വമാണ് കാര്യങ്ങൾ കൈകാര്യം ചെയ്തത്. ഇത്തരമൊരു വിഷയമാകുമ്പോൾ സൂക്ഷ്മതയും ജാഗ്രതയും ആവശ്യമാണ്. സംശയത്തിന്റെ നിഴലിൽ പലരും വന്നേക്കാം. എന്നാൽ ശരിയായ തെളിവില്ലാതെ ഒന്നും പുറത്തു പറഞ്ഞു കൂട. ആരേയും കണ്ണടച്ചു വിശുദ്ധനാക്കാനോ, കുറ്റവാളിയാക്കാനോ പറ്റില്ല. ഇരുചെവിയറിയാതെ സത്യം പുറത്തുകൊണ്ടുവരണം. കുറ്റവാളി രക്ഷപ്പെട്ടു കൂട. അനുമോളുടെ ഭാവിക്കു ദോഷം വരാത്തവിധത്തിൽ വേണം മുന്നോട്ടു നീങ്ങാൻ.

തന്റെ സുഹൃത്തും പ്രൈവറ്റ് ഡിറ്റക്ടീവുമായ രതീഷിന്റെ സഹായം ഈ വിഷയത്തിൽ തേടിയത് വളരെയേറെ ആലോചിച്ചതിനു ശേഷമാണ്. അവനാകുമ്പോൾ രഹസ്യമായി വേണ്ടരീതിയിൽ പോലീസ് ബുദ്ധിയിൽ പ്രവർത്തിക്കുമെന്ന വിശ്വാസമുണ്ടായിരുന്നു അവർക്ക്.

മുതലാളിയുടെ വീടും തുണിക്കടയുമായി ബന്ധപ്പെട്ട പലരും സംശയക്കണ്ണിലാണ്. പിറന്നാൾ പാർട്ടിയുടെ ഫോട്ടോയും സംഘടിപ്പിച്ചിരുന്നു.

ഒരാഴ്ചയ്ക്കു ശേഷം ഡോക്ടർ തന്റെ സുഹൃത്തും പ്രൈവറ്റ് ഡിറ്റക്ടീവുമായ രതീഷുമൊന്നിച്ചു സരളയുടെ വീട്ടിലെത്തി.

ചെന്നൈയിലായിരുന്ന സരളയുടെ ഭർത്താവ് വിനോദ് സ്ഥലത്തെത്തിയിരുന്നു.

രണ്ടുപേരേയും കണ്ടപ്പോൾ സരളയും മോളും പുഞ്ചിരിച്ചെങ്കിലും അവരുടെ മുഖത്തെ ഭീതി വിട്ടൊഴിഞ്ഞിരുന്നില്ല. വിനോദിന് ഡോക്ടറുടെ വാക്കുകളിലുള്ള വിശ്വാസം മുഖത്ത് പ്രകടമായിരുന്നു. ഡോക്ടർ കയ്യിൽ കരുതിയ ചോക്ലേറ്റ് അനുമോൾക്ക് കൊടുത്തു.

രതീഷ് വിനോദുമായി അല്പംമാറി നിന്നു സംസാരിക്കുമ്പോൾ , രേവതി അനുമോളുമായി കുശലം പറഞ്ഞു കൊണ്ടു മുറ്റത്തേക്കിറങ്ങി. അവളെ ചേർത്തുപിടിച്ചു കൊണ്ട് നടക്കുന്നതിനിടയിൽ പല കാര്യങ്ങളും പറഞ്ഞു. അതിനിടയിൽക്കൂടി തനിക്കേറിയേണ്ടതൊക്കെ ചോദിച്ചു മനസ്സിലാക്കി. മോൾക്കുണ്ടാകുന്ന ഭാവമാറ്റങ്ങളും സശ്രദ്ധം നിരീക്ഷിച്ചു. ഇവരെ ശ്രദ്ധയോടെ വീക്ഷിച്ചു കൊണ്ടായിരുന്നു രതീഷ് വിനോദുമായി സംസാരിച്ചത്.

അന്നത്തെ ആഘോഷത്തിന്റെ ചില ഫോട്ടോകൾ കാണിച്ചപ്പോൾ അനുമോൾക്കുണ്ടായ ഭാവമാറ്റം ഡോക്ടറുടെ ശ്രദ്ധയിൽപെട്ടപ്പോൾ അവരുടെ മനസ്സിലൂടെ ചില ചിന്തകൾ കടന്നുപോയി. പക്ഷേ ഒന്നും പുറത്തുകാണിക്കാതെ സരളയുമായും സംസാരിച്ചു. ഫോട്ടോസും കാണിച്ചു. അവളുടെ മുഖത്തു സംശയത്തിന്റെ നിഴലാട്ടം കണ്ടില്ല. എങ്കിലും ഭീതിയോടെ സരള ചോദിച്ചു.' ഡോക്ടർക്ക് എന്തെങ്കിലും വിവരം കിട്ടിയോ ?'

' വിവരങ്ങൾ അന്വേഷിച്ചു വരികയാണ്. വേഗം തന്നെ കണ്ടുപിടിക്കും '

'പോലീസിലറിയിക്കണ്ടേ ഡോക്ടർ ?'

'അറിയിക്കണം വിനോദ്. അതിനു മുൻപ് വിശദമായും വ്യക്തമായും എല്ലാം അറിയണം. തെളിവ് ശേഖരിക്കണം. മോൾക്ക് പേരുദോഷം വരാത്തവിധത്തിൽ കൈകാര്യം ചെയ്യണം.

ദേവേട്ടന്റെ ക്ലാസ്മേറ്റാണ് സ്ഥലം എസ്.ഐ. അദ്ദേഹവുമായി സംസാരിച്ച് വേണ്ടതു പോലെ ചെയ്യാം."ഡോക്ടർ മോൾക്ക് എന്തെങ്കിലും കുഴപ്പമുണ്ടാകുമോ ? പോലീസ് കേസ്.' സരളയുടെ വേവലാതി കേട്ടപ്പോൾ ഡോക്ടർ അവളെ സമാധാനിപ്പിച്ചു.

'അവിവേകമല്ല വേണ്ടത്. വിവേകവും ജാഗ്രതയുമാണ്. ഇനിയൊരു അനുമോൾക്കും ഈ ഗതി വരരുത്. നിങ്ങൾ മോളെ നന്നായി ശ്രദ്ധിക്കുക. അവളുടെ ഭയം മാറി സന്തോഷമായിരിക്കട്ടെ.

നിങ്ങൾ രണ്ടുപേരും മോളുടെ കൂടെത്തന്നെയുണ്ടാകണം. നമുക്ക് പലതും ചെയ്യാനുണ്ട്. അമ്മമാർക്കൊരു ബോധവൽക്കരണ ക്ലാസ് കൊടുക്കണം'.

രതീഷാകട്ടെ എല്ലാവരുടേയും മുഖഭാവങ്ങളും സംഭാഷണങ്ങളും സശ്രദ്ധം വീക്ഷിക്കുന്നുണ്ടായിരുന്നു. ചിലതൊക്കെ ഫോണിൽ സേവ് ചെയ്തു.


എല്ലാവരോടും യാത്ര പറഞ്ഞു ഡോക്ടറും രതീഷും അവിടെ നിന്നുമിറങ്ങുമ്പോൾ രണ്ടുപേർക്കും പ്രതി ആരായിരിക്കുമെന്നുള്ള ഒരു ഏകദേശരൂപം ലഭിച്ചിരുന്നു.

രണ്ടു ദിവസത്തിനു ശേഷം പോലീസ് ജീപ്പിൽ വിലങ്ങുവെച്ചിരിക്കുന്ന ആ മനുഷ്യന്റെ മുഖം കണ്ട് സരള അന്തംവിട്ടു പോയി കോപവും ഭയവും സങ്കടവും അത്ഭുതവും അവളുടെ മുഖത്ത് മാറിമാറി തെളിഞ്ഞു വന്നു.' ഈശ്വരാ .... ഈ മനുഷ്യനോ ? ഞാൻ എന്റെ മകളെ വിശ്വസിച്ചേല്പിച്ചത് ഈ ദ്രോഹിയുടെ കരങ്ങളിലായിരുന്നോ? ആട്ടിൻ തോലണിഞ്ഞ ഈ ചെന്നായയെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരാൻ കഴിഞ്ഞല്ലോ. ഈ വഞ്ചകനെ മനസ്സിലാക്കാൻ കഴിയാതെ പോയല്ലോ എനിക്ക്.

എന്റെ ബുദ്ധിമോശവും ശ്രദ്ധക്കുറവും കൊണ്ടു എന്റെ മോൾ ഈ പീഢനം അനുഭവിക്കേണ്ടി വന്നല്ലോ ..'

കുറ്റബോധത്താൽ ആ അമ്മ മനം നൊന്തു. ഹൃദയം പിടഞ്ഞു. അനു മോൾ ആ മനുഷ്യനെ കണ്ടയുടനെ അമ്മയുടെ പിന്നിൽ മറഞ്ഞു നിന്നു. മോളുടെ മുഖത്ത് നല്ല പേടി നിഴലിച്ചിരുന്നു.വിനോദിന്റെ മുഖം രോഷം കൊണ്ടു ചുവന്നു. ഹൃദയമുരുകിയ വേദനയിലും ആ നരാധമനൻ നിയമത്തിന്റെ കൈപ്പിടിയിലായതിൽ ആശ്വാസം തോന്നി.

അയാൾ തന്റെ ഭാര്യയേയും മകളേയും ചേർത്തുപിടിച്ചു കൊണ്ടു ഒരു തീരുമാനമെടുത്തു. അവരുടെ കൂടെ നിന്നുകൊണ്ടു ജോലി ചെയ്തു കുടുംബത്തെ സംരക്ഷിക്കുമെന്ന്. തന്റെ പൊന്നു മകളെ ഒരു നോട്ടം കൊണ്ടു പോലും ആരും വേദനിപ്പിക്കാതെയിരിക്കാൻ ആ തീരുമാനം ഏറ്റവും അനുയോജ്യമാണന്ന് വിനോദ് മനസ്സിൽ അടിവരയിട്ടു ചേർത്തു.



**ഒ.കെ ശൈലജ ടീച്ചർ**

# പെയ്തിറങ്ങുന്നവർ

മഴ പെയ്യുകയാണ് അകത്തും പുറത്തും
മഴയ്ക്ക്തൂലികയാൽ ജീവനേകിയ
കവികൾ

പ്രണയ മഴയിൽ ഉള്ളം തളിർത്തവർ
വിരഹമഴ കൊണ്ട് മുറിവേറ്റവർ
ആശകളറ്റ മഴയിൽ വഴുതി വീണവർ
ആഹ്ളാദമഴയിൽ ഉല്ലസിച്ചവർ

ചതിച്ചവർ തന്ന കണ്ണീർ മഴയിൽ
കുതിർന്നു പോയവർ
വറുതിയുടെപെരുമഴക്കാലം
സ്വന്തമാക്കായിവർ

ഗൃഹാതുരത്വത്തെ മഴനൂല് കൊണ്ട്
കെട്ടിയിട്ടവർ
മഴ തീർത്ത ചാലുകളിൽ കടലാസ്
തോണിയിറക്കിയവർ

മഴക്കുളിരിൽ ഒരു പുതപ്പിനടിയിൽ
സ്നേഹം പങ്കിട്ടവർ
മഴയിൽചോർന്നൊലിക്കുന്നകൂരയിൽ
വിറങ്ങലിച്ചിരുന്നവർ
മഴപ്രളയമായപ്പോൾസർവ്വതും
തകർന്നവർ


മഴയത്തൊരു കുടക്കീഴിൽ പലതും
പറയാതെ പറഞ്ഞവർ

അങ്ങനെ അനേകം ഭാവങ്ങളിൽ
എന്തെല്ലാം കഥകളാണ്
മഴ പറഞ്ഞു കോണ്ടേയിരിക്കുന്നത്



**ശ്രീജ ചേളന്നൂർ**

# 'ദ് വെജിറ്റേറിയൻ'




1970ൽ ദക്ഷിണ കൊറിയയിലെ ഗ്വാങ്ജുവിൽ ജനിച്ച ഹാൻ കാങ് എഴുത്തുകാരുടെ കുടുംബത്തിലാണ് വളർന്നത്.

മാൻ ബുക്കർ ഇന്റർനാഷനൽ പ്രൈസ് നേടിയ 'ദ് വെജിറ്റേറിയൻ' എന്ന നോവലിന് പേരുകേട്ട ഹാങ്ങിന്റെ കൃതികൾ പലപ്പോഴും കഷ്ടപ്പാടുകൾ, സ്വത്വം, മനുഷ്യമനസ്സ് എന്നീ പ്രമേയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. ചരിത്രപരമായ ആഘാതങ്ങൾ അന്വേഷിക്കുന്നതും മനുഷ്യന്റെ നിലനിൽപ്പിന്റെ ദുർബലതയെ പ്രതിഫലിപ്പിക്കുന്നതുമായ 'തീവ്രമായ കാവ്യ ഗദ്യ'ത്തിന് എന്ന സംബോധനയോടെയാണ് സ്വീഡിഷ് അക്കാദമി ഈ വർഷത്തെ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം നേടിയ ദക്ഷിണ കൊറിയൻ എഴുത്തുകാരി ഹാൻ കാങ്ങിനെ അവതരിപ്പിച്ചത്. മാൻ ബുക്കർ ഇന്റർനാഷനൽ പ്രൈസ് നേടിയ 'ദ് വെജിറ്റേറിയൻ' എന്ന നോവലിന് പേരുകേട്ട ഹാങ്ങിന്റെ കൃതികൾ പലപ്പോഴും കഷ്ടപ്പാടുകൾ, സ്വത്വം, മനുഷ്യമനസ്സ് എന്നീ പ്രമേയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. ഈ പുരസ്കാരത്തോടെ നൊബേൽ ലഭിക്കുന്ന ആദ്യത്തെ ദക്ഷിണ കൊറിയക്കാരിയായി ഹാൻ കാങ്.

1970ൽ ദക്ഷിണ കൊറിയയിലെ ഗ്വാങ്ജുവിൽ ജനിച്ച ഹാൻ കാങ് എഴുത്തുകാരുടെ കുടുംബത്തിലാണ് വളർന്നത്. കവിതകളിലേക്കും പിന്നീട് ഫിക്ഷൻ രചനയിലേക്കും കടക്കുന്നതിന് മുമ്പ് അവർ യോൻസി സർവകലാശാലയിൽ കൊറിയൻ സാഹിത്യം പഠിച്ചു. കഷ്ടപ്പാടുകളും ഓർമ്മകളും പ്രമേയമാക്കിയ 'ഹ്യൂമൻ ആക്ട്സ്', 'ദ് വൈറ്റ് ബുക്ക്' എന്നിവയും ഹാന്റെ മറ്റു ശ്രദ്ധേയമായ കൃതികളിൽ ഉൾപ്പെടുന്നു.

**'ദ് വെജിറ്റേറിയൻ' എന്ന കൊച്ചു നോവലിന്റെ കഥ**

സ്വന്തം നിലയിൽ കൊറിയൻ ഭാഷ പഠിച്ച ഡെബോറ സ്മിത്ത് ആണ് നോവൽ ഇംഗ്ലിഷിലാക്കിയത്. കൊറിയയിൽ സാധാരണ കുടുംബജീവിതം നയിക്കുന്ന ഒരു സ്ത്രീ ഒരുദിവസം മാംസാഹാരം നിർത്തി ശുദ്ധ വെജിറ്റേറിയൻ ആകുന്നതാണു പ്രമേയം. കൊറിയക്കാർക്ക് ഇറച്ചി പ്രധാനാഹാരമാണ്. അവരുടെ പതിവുവിഭവങ്ങളിലെല്ലാം ഇറച്ചിയുണ്ടാകും. അപ്പോൾ വീട്ടമ്മ തന്നെ ഇറച്ചി വേണ്ടെന്നു വച്ചാലോ? കുടുംബത്തിനുള്ളിൽ അവളുടെ തീരുമാനം ആകെ പ്രശ്നമാകുന്നു. അമ്മയും ഭർത്താവുമെല്ലാം അവളെ ഒരു വിചിത്രജീവിയെപ്പോലെയാണു പിന്നീടു കാണുന്നത്. ഭർത്താവ് പറയുന്നു: 'എന്റെ ഭാര്യ വെജിറ്റേറിയൻ ആകുന്നതിനു മുൻപ്, ഞാനെപ്പോഴും വിചാരിച്ചിരുന്നത് അവൾ എല്ലാ തലത്തിലും പൂർണമായും ഒരു സാധാരണക്കാരിയാണ് എന്നാണ്.'

മാംസാഹാരം വേണ്ടെന്നു വയ്ക്കാൻ കാരണമെന്താണ്? താനൊരു മരമായി മാറുന്നത്

അവൾ ഒരു ദിവസം സ്വപ്നം കാണുന്നു. അതാണ് ഇറച്ചി വേണ്ടെന്നുവയ്ക്കാൻ കാരണം. ആ സ്വപ്നത്തിലേതു പോലെ ഒരു ദിവസം താൻ ഒരു മരമായിത്തീരുമെന്നാണ് അവളുടെ വിശ്വാസം. ഇറച്ചിക്കു പിന്നാലെ മറ്റ് ആഹാരങ്ങളും അവൾ വേണ്ടെന്നു വയ്ക്കുന്നു. സസ്യങ്ങൾ പ്രകാശസംശ്ലേഷണത്തിലൂടെയാണല്ലോ വളരുന്നത്. അതുപോലെ തനിക്കും വെള്ളവും സൂര്യപ്രകാശവും മാത്രം മതി എന്ന നിലപാടിൽ അവൾ എത്തുന്നതോടെ സംഗതി ആകെ കുഴഞ്ഞുമറിയുകയാണ്.

ഭൗതികശാസ്ത്രം, രസതന്ത്രം, വൈദ്യശാസ്ത്രം, സാഹിത്യം, സമാധാനം തുടങ്ങിയ വിഷയങ്ങളിലെ മികവ് പരിഗണിച്ച് 1901 മുതലാണ് വർഷം തോറും നൊബേൽ സമ്മാനം നൽകിവരുന്നത്. സാമ്പത്തിക ശാസ്ത്രം പിന്നീട് പട്ടികയിൽ ചേർത്തു.

സാഹിത്യത്തിനു സമ്മാനിക്കുന്ന 117-ാമത് നൊബേൽ ആണിത്. 1901-നും 2023-നും ഇടയിൽ 116 തവണകളിലായി 120 പേർക്ക് സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം ഇതുവരെ ലഭിച്ചിട്ടുണ്ട്. 1904, 1917, 1966, 1974 വർഷങ്ങളിൽ ഒന്നിലധികം ആളുകൾക്ക് സമ്മാനം നൽകപ്പെട്ടു. ഒരിക്കലും ഒരു സമ്മാന ജേതാവിന്റെ രണ്ടു തവണ സാഹിത്യ നൊബേൽ ലഭിച്ചിട്ടില്ല. 1914, 1918, 1935, 1940, 1941, 1942, 1943 വർഷങ്ങളിൽ സാഹിത്യ നൊബേൽ ആർക്കും നൽകിയില്ല.



ഹാൻ കാങ്

# അമേരിക്കയിലെ സമ്പന്ന വനിതകളുടെ പട്ടികയിൽ 4 ഇന്ത്യൻ വംശജർ

അമേരിക്കയിലെ സമ്പന്ന വനിതകളുടെ പട്ടികയിൽ ഇടംനേടി 4 ഇന്ത്യൻ വംശജരും. പെപ്സികോ മുൻ ചെയർമാൻ ഇന്ദ്ര നൂയി, അരിസ്റ്റ നെറ്റ്‌വർക് പ്രസിഡന്റും സിഇഒയുമായ ജയശ്രീ ഉല്ലാൽ, സിന്റെൽ ഐടി കമ്പനി സഹസ്ഥാപക നീരജ സേത്തി, കോൺഫ്ലുവെന്റ് ക്ലൗഡ് കമ്പനിയുടെ ചീഫ് ടെക്നോളജി ഓഫീസർ നേഹ നാർഖഡേ എന്നിവരാണ് സ്വയം പ്രയത്നത്തിലൂടെ സമ്പന്നരായ 100 അമേരിക്കൻ വനിതകളുടെ ഫോബ്സ് പട്ടികയിലുള്ളത്.

ജയശ്രീ ഉല്ലാൽ പട്ടികയിൽ 15ാം സ്ഥാനത്താണ്. 20,000 കോടി രൂപയാണ് ആസ്തി. നീരജ സേത്തി 25ാം സ്ഥാനത്താണ്. 8175 കോടി രൂപയാണ് ആസ്തി. 38കാരിയായ നേഹ നാർഖഡെ 4294 കോടി രൂപ ആസ്തിയുമായി പട്ടികയിൽ 50ാം സ്ഥാനത്ത് ഇടംപിടിച്ചു. 2019ൽ പെപ്സിക്കോയിൽ നിന്നു വിരമിച്ച ഇന്ദ്ര നൂയി 2890 കോടി രൂപ ആസ്തിയുമായി പട്ടികയിൽ 77ാം സ്ഥാനത്താണ്.



ജൂലൈ 10ന് പുറത്തുവിട്ട പട്ടികയിലാണ് ഇന്ത്യൻ വനിതകളും സാന്നിദ്ധ്യമറിയിച്ചത്. യുഎസിലെ ബിസിനസ്, വിനോദ മേഖലകളിൽ നിന്നുൾപ്പെടെ തെരഞ്ഞെടുത്ത 100 പേരുടെ പട്ടികയാണ് ഫോബ്സ് മാസിക പുറത്തുവിട്ടത്.

കഥ

# വീണ്ടും, അവൻ

ഉണരുക ,
ഉണരുക,
എന്ന് പലവട്ടം കേട്ടതായ് ഓർക്കുന്നു

ഉണർന്ന് നോക്കുമ്പോൾ അവിടെയെങ്ങും ഒരാളെയും കണ്ടില്ല
ആ ഭയപ്പെടുത്തുന്ന ഗുഹയ്ക്കുള്ളിൽ മറ്റാരെങ്കിലും ഉണ്ടാകാനുള്ള സാധ്യതയും ഇല്ല

പിന്നെ, ആരാകാം എന്നോട് ഉണരാൻ പറഞ്ഞത്

ഞാൻ ചെവിയോർത്തു
പുറത്ത് നിന്നും ഭയപ്പെടുത്തുന്ന
ശബ്ദങ്ങളൊന്നും ഇപ്പോൾ കേൾക്കാനില്ല

എല്ലാം ശാന്തമായെന്ന് തോന്നുന്നു

ഉറക്കം വരുന്നത് വരെ അട്ടഹാസങ്ങളും ദീനരോദനങ്ങളും കേട്ടിരുന്നു
സംഘബലമുള്ള അക്രമികൾ മാരകായുധങ്ങളേന്തി അട്ടഹസിച്ചു കൊണ്ട്
ഗുഹാമുഖത്തിനരികിൽ കൂടി ഇരകളെത്തേടി പാഞ്ഞു നടന്നിരുന്നു

ഗുഹയിലെ ഇരുട്ട് പുതച്ച് കിടന്ന ഞാൻ ഉറങ്ങിയതെപ്പോഴാകാം എന്ന്
പോലും ഓർക്കുന്നില്ല

‘ നീ എന്താ ആലോചിക്കുന്നത് ‘
ശബ്ദം വീണ്ടും

ഇപ്പോൾ ഞാൻ യഥാർത്ഥത്തിൽ ഞെട്ടിപ്പോയി

‘ ആരാണ് സംസാരിക്കുന്നത്. ‘
ആകാംക്ഷയോടെ ഞാൻ ചുറ്റും നോക്കി

എവിടെ നിന്നോ വന്ന ഒരു കുരങ്ങൻ ഗുഹയുടെ മൂലയിലിരുന്ന് എന്നെ തുറിച്ച്
നോക്കുന്നതായിട്ടല്ലാതെ മറ്റാരെയും ഞാൻ കണ്ടില്ല

‘ഞാനാണ് നിന്നെ ഉണർത്തിയത് ‘

ആരാണ് സംസാരിക്കുന്നതെന്നറിയാതെ ഞാൻ ചുറ്റും നോക്കി

ഇങ്ങോട്ട് നോക്കൂ

മറ്റാരുമില്ല '
ഞാൻ ആ കുരങ്ങിനെ സൂക്ഷിച്ചു നോക്കി

' നീ കരുതുന്നത് പോലെ ഞാനൊരു കുരങ്ങൻ തന്നെയാണ് ,
കുരങ്ങിൽ നിന്നല്ലേ മാനവൻ ഉണ്ടായത്
നീ പഠിച്ചിട്ടില്ലേ '
' നീ മനുഷ്യരെപ്പോലെ സംസാരിക്കുന്നുവല്ലോ "
എന്റെ അത്ഭുതം
ഞാൻ മറച്ച് വെച്ചില്ല

' ആരെങ്കിലും സംസാരിച്ചല്ലേ പറ്റൂ '
' വേണ്ട എനിക്ക് ഭയമാകുന്നു
എനിക്കൊന്നും കേൾക്കേണ്ട
എനിക്കൊന്നും പറയാനുമില്ല എന്നെ ദയവായി ഉപദ്രവിക്കരുത് '

എന്റെ ദയനീയ ഭാവം കണ്ടിട്ടാകണം , കുരങ്ങ് പൊട്ടിച്ചിരിച്ചു,
ആയുധവും അധികാരവുമുള്ള മനുഷ്യരെപ്പോലെ

' വാനരനിൽ നിന്ന് വീണ്ടും ഒരു നരനുണ്ടാകണമെന്നാണ്
പ്രകൃതി കല്പനയെന്ന് കരുതുക

അഹങ്കാരികളായി മാറിയ ഭൂമിയിലെ മനുഷ്യർ പരസ്പരം
കൊന്ന് തീർത്തിരിക്കുന്നു .... പകമൂത്ത മനുഷ്യർ അക്രമിച്ചും
യുദ്ധം ചെയ്തും മാനവകുലം മുടിഞ്ഞ് പോകുമെന്നായപ്പോഴാണ്
പ്രളയങ്ങളും പകർച്ചാവ്യാധികളും വന്നത് ....

തോറ്റവരും ജയിച്ചവരും മണ്ണിൽ ലയിച്ച്
പോയത് അങ്ങിനെയാണ്

ഇനി ഒരാൾ മാത്രം ....
വർഷങ്ങൾ നീണ്ട് പോയ സുഷുപ്തിക്ക്
ശേഷം അവനിതാ ഉണർന്നിരിക്കുന്നു ....
അതാരാണെന്ന് നിനക്കറിയുമോ ? '

' ആരായാലെന്ത് എനിക്കിതിൽ എന്ത് കാര്യം '
' അത് നീ തന്നെയാണ് മനുഷ്യാ....
നാടുകളെല്ലാം കാടായി മാറിയിരിക്കുന്നു
എല്ലുറപ്പുള്ളവന്റെ ഏതാനും അസ്ഥികളല്ലാതെ
ഒരു മനുഷ്യൻ പോലും ഭൂമിയിൽ ഇന്ന്
ജീവിച്ചിരിക്കുന്നില്ല....
വീണ്ടും ഒരു തുടക്കം നിന്നിലൂടെയാണ്
സംഭവിക്കേണ്ടത് ....
നീ പുറത്ത് കടക്കുക
പുറത്തെ വെട്ടമാണ് നിനക്കിപ്പോൾ
ഇരുട്ടായി തോന്നുന്നത്



യഥാർത്ഥത്തിൽ ഇരുട്ട് നിന്റെ ഗുഹയിലാണുള്ളത്
അത് കൊണ്ട് പുറത്ത് കടക്കുക '
.......എനിക്കൊന്നും മനസിലായില്ല

' നീ നഗ്നനാണെന്ന തിരിച്ചറിവ് ഇനി വേണ്ട ഒരു മരവുരി കൊണ്ടോ
പച്ചിലകൾ കൊണ്ടോ അതിന് പരിഹാരമുണ്ടാക്കാം '

ഇപ്പോഴാണ് ഞാൻ നഗ്നനാണെന്നറിഞ്ഞത്

' എന്റെ വസ്ത്രങ്ങൾ ? '

' അതെല്ലാം ചിതലരിച്ച് പോയി
പ്രകൃതിയുടെ നിയോഗമുള്ളത് കൊണ്ടാണ് നീ മാത്രം പുഴുവരിക്കാതെ പോയത് '

കുരങ്ങ് വീണ്ടും പൊട്ടിച്ചിരിച്ചു
' ഗുഹാമുഖത്ത് വന്ന് കണ്ണടച്ച് കുറേ നേരം ഇരിക്കുക നിനക്ക് വെളിച്ചം
ലഭിക്കും ആ വെളിച്ചത്തിൽ നീ കാണുന്ന ലോകം ഇനി വരാനുള്ള
മാനവർക്കുള്ളതാണ് '

അത്രയും പറഞ്ഞ് കുരങ്ങൻ തിരിച്ച് പോയി
ഞാൻ ചെവിയോർത്തു
പുറത്ത് പറവകളുടെ ശ്രുതി പിഴയ്ക്കാത്ത സംഗീതത്തിനിടയ്ക്ക്
അപശബ്ദങ്ങളൊന്നും കേൾക്കുന്നുണ്ടായിരുന്നില്ല



**ഉസ്മാൻ
ചാത്തംചിറ**

oushadhi.org




- 100% ജൈവ മൂലികകളാൽ നിർമ്മിക്കുന്ന 520 ലേറെ ആധികാരിക ആയുർവേദ ഔഷധങ്ങൾ
- 1000 ൽപ്പരം ഡീലർമാർ
- രാജ്യമൊട്ടാകെ സാന്നിധ്യം
- ആയിരക്കണക്കിന് സർക്കാർ ആയുർവേദ ആശുപത്രികളിലും ഡിസ്പെൻസറികളിലും ഉപയോഗിക്കുന്ന വിശ്വാസ്യത
- കോടിക്കണക്കിനാളുകൾക്ക് സൗഖ്യം നൽകുന്ന ഔഷധി
- സാമൂഹികാരോഗ്യത്തിനായി നിലകൊള്ളുന്ന ഒരു കേരളസർക്കാർ സ്ഥാപനം

ഔഷധി
ഒരു കേരള സർക്കാർ സ്ഥാപനം
GMP-ISO 9001-2015 Certified Company
പൊതുമേഖലയിൽ രാജ്യത്തെ ഏറ്റവും വലിയ ആയുർവേദ മരുന്ന് നിർമ്മാണ സ്ഥാപനം
The Pharmaceutical Corporation (I.M.) Kerala Ltd. Kuttanellur, Thrissur - 680 014.
Ph: 0487-2459800. Email: marketing@oushadhi.org

കഥ

# തിരോധാനം




ജോസഫ് പി.ജെ

ഫോൺ ബെല്ലടിക്കുന്നത് കേട്ടുകൊണ്ടാണ് അന്ന് വൈകുന്നേരം സ്റ്റീഫൻ മാസ്റ്റർ സ്കൂൾ വിട്ട് വീട്ടിലേക്ക് കയറിയത്. വസ്ത്രം മാറാൻ കാത്തുനിൽക്കാതെ അദ്ദേഹം റിസീവർ കൈയിലെടുത്തു. 'ഹലൊ! സ്റ്റീഫനാ. ആരാണ് വിളിക്കുന്നത്?" സ്റ്റീഫൻ റിസീവർ കാതിനോടു ചേർത്തു. 'ഞാനാ മോനേ നിന്റെ ഏലമ്മാമ്മ. ഒരത്യാവശ്യ കാര്യം പറയാനാ വിളിച്ചത്.' ഏലമ്മ ഒറ്റശ്വാസത്തിൽ പറഞ്ഞു. 'എന്താ പറഞ്ഞു കൊള്ളു അമ്മാമ്മേ!' കാര്യം അറിയാൻ സ്റ്റീഫന് തിടുക്കമായി. മോനേ നിന്റെ ഔത പ്പാപ്പൻ ഇന്നലെ മണ്ണെണ്ണ വിളക്കുമെടുത്ത് നമ്മുടെ പറമ്പിന്റെ താഴത്തെ തോട്ടി ലേക്ക് പോയതായിരുന്നു. നിലവിളികേട്ട് ഓടിച്ചെല്ലുമ്പോൾ ഉടുമുണ്ടിന് തീപിടിച്ച് തോട്ടിന്റെ കരയിൽ വീണുകിടക്കുന്നു. ഞാൻ പെട്ടെന്ന് തോട്ടിലിറങ്ങി വെള്ളം തേവി തീ കെടുത്തി. ഇപ്പോൾ ആശുപത്രിയിലാണ്. 70 ശതമാനം പൊള്ളൽ ഉണ്ടെന്ന് ഡോക്ടർമാർ പറഞ്ഞു. മോൻ വരണം. അമ്മാമ്മയ്ക്ക് വേറാരുമില്ല. മൂത്തമക്കൾ ജോലിസ്ഥലത്താണെന്ന് കുഞ്ഞിനറിയാമല്ലോ. ഏലമ്മാമ്മയുടെ ശബ്ദം പതറുന്നുണ്ടായിരുന്നു. ശരി ഞാൻ നാളെ ലീവെടുത്ത് വരാം. വിഷമിക്കണ്ട. ദൈവം കാക്കും. സ്റ്റീഫൻ പറഞ്ഞു. അവർ ഫോൺ വെച്ചു. അന്ന് രാത്രിയിൽ സ്റ്റീഫൻ നന്നായി ഉറങ്ങിയില്ല. അയാളുടെ കൗമാരത്തിൽ ഔതപ്പാപ്പനും, ഏലമ്മാമ്മയുമായി രുന്നു രക്ഷകർ. കർക്കശക്കാരനായ പിതാവിന്റെ ക്രൂരശിക്ഷയിൽ നിന്ന് സംരക്ഷിക്കുന്നത് അവരായിരുന്നു. പെരുന്നാളിനും, സിനിമയ്ക്കും കൊണ്ടുപോകുന്നതും, വികൃതിക്കുട്ടികളുടെ ആക്രമണത്തിൽ നിന്ന് രക്ഷിക്കുന്നതും പുത്തനുടുപ്പുകൾ വാങ്ങിത്തരുന്നതുമെല്ലാം സ്റ്റീഫൻ ഓർത്തു.

> ***വിക്രമിനെ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നതിന് ചെറിയതോതിലുള്ള എതിർപ്പുകൾ സ്റ്റീഫന് സ്വഭാവത്തിൽ നിന്നു തന്നെ നേരിടേണ്ടിവന്നു. ക്രിസ്തുമസ് പരീക്ഷ കഴിഞ്ഞു പ്രോഗ്രസ് കാർഡ് വീട്ടിൽ കൊണ്ടുവന്നപ്പോൾ ചുവന്ന അടയാളങ്ങളായിരുന്നു കൂടുതൽ***

അടുത്തദിവസം ഫസ്റ്റ് ബസ്സിന് സ്റ്റീഫൻ കല്ലാനോടുനിന്ന് പേരാമ്പ്രയ്ക്കും തുടർന്ന് വടകരയ്ക്കും അവിടെ നിന്ന് പയ്യന്നൂർക്കും ബസ് കയറി. പയ്യന്നൂർ നിന്ന് തിരുമേനിക്കുള്ള ബസ്സിൽ കയറി തിരുമേനി പള്ളിയുടെ സൈഡിൽ കൂടി കടന്നു പോകുന്ന റോഡിലൂടെ നടന്ന് സ്റ്റീഫൻ ഔതപ്പാപ്പന്റെ വീട്ടിൽ എത്തിയപ്പോൾ ഉച്ച കഴിഞ്ഞിരുന്നു.



ഏലാമ്മ അപ്പാപ്പന്റെ പൊള്ളലേറ്റ മുറിവുകളിൽ ഏതോ ആയുർവേദ എണ്ണ കോഴിത്തൂവൽ ഉപയോഗിച്ച് പുരട്ടുകയായിരുന്നു. ഔതപ്പാപ്പന്റെ ഇളയമകൻ വിക്രം എട്ടാം തരം വിദ്യാർത്ഥി ആയിരുന്നു. അവൻ സ്കൂൾ വിട്ട് വന്നിരുന്നില്ല. അവന്റെ സ്കൂൾ കാര്യങ്ങളും, ഔതപ്പാപ്പന്റെ രോഗശുശ്രൂഷയും ഏലമ്മാമ്മയ്ക്ക് അമിതഭാരമാണല്ലോ എന്ന് സ്റ്റീഫൻ ഓർത്തു.

വിക്രമിനെ തിരുമേനി സ്കൂളിൽ നിന്ന് ടി. സി. വാങ്ങി കോഴിക്കോട് ജില്ലയിലെ കല്ലാനോട് സ്കൂളിൽ ചേർക്കാമെന്നും താൻ ആ സ്കൂളിൽ വർക്ക് ചെയ്യുന്നതിനാൽ തന്റെ ഒരു നിരീക്ഷണം അവന്റെ പഠനകാര്യ ത്തിൽ ഉണ്ടാകുമെന്നും അറിയിച്ചപ്പോൾ അത് ഔതപ്പാപ്പനും ഏലമ്മാമ്മയ്ക്കും സ്വീകാര്യവും ആശ്വാസവുമായി. അടുത്തദിവസം ടി.സി വാങ്ങി. സ്റ്റീഫൻ സ്വഭവനത്തിലേയ്ക്ക് യാത്രയായി.

വിക്രമിനെ എട്ടാം തരത്തിൽ കല്ലാനോട് സ്കൂളിൽ ചേർത്തു. വിക്രമിനെ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നതിന് ചെറിയതോതിലുള്ള എതിർപ്പുകൾ സ്റ്റീഫന് സ്വഭാവത്തിൽ നിന്നുതന്നെ നേരിടേണ്ടിവന്നു. ക്രിസ്തുമസ് പരീക്ഷ കഴിഞ്ഞു പ്രോഗ്രസ് കാർഡ് വീട്ടിൽ കൊണ്ടുവന്നപ്പോൾ ചുവന്ന അടയാളങ്ങളായിരുന്നു കൂടുതൽ. സ്റ്റീഫൻ അന്നു വൈകുന്നേരം അർദ്ധസഹോദരനെ ചെറിയ തോതിൽ ശാസിച്ചു. പുലർച്ചെ നാലുമണിക്ക് സ്റ്റീഫൻ ഉണർന്ന് നോക്കുമ്പോൾ വിക്രം അവന്റെ ബെഡിൽ ഉണ്ടായിരുന്നില്ല. അവന്റെ ബാഗും അവിടെയെങ്ങും കണ്ടില്ല. നല്ല നിലാവുണ്ടായിരുന്ന ആ രാത്രിയിൽ സ്റ്റീഫൻ കല്ലാനോടുനിന്ന് 28-ാം മൈൽ വരെ നടന്നു.

വിക്രംമിന്റെ പൊടിപോലും കണ്ടില്ല. കൂരാച്ചുണ്ടിൽ നിന്നും കല്ലാനോട്, 28-ാം മൈൽ തലയാടുവഴി കോഴിക്കോട്ടേയ്ക്ക് പുറപ്പെടുന്ന എല്ലാ ബസ്സുകളിലെ ജീവനക്കാർക്കും അറിയിപ്പ് കൊടുത്തു. വിക്രമിന്റെ അടയാളങ്ങളും ബസ്ജീവനക്കാർക്ക് കൊടുത്തു.

അടുത്ത ബസിൽ സ്റ്റീഫൻ തിരുമേനിയിലേയ്ക്ക് പുറപ്പെട്ടു.അവൻ അവിടെയും എത്തിയിട്ടില്ല. ഔതപ്പാപ്പന്റെ മൂത്തമകളെ വിളിച്ച് വീട്ടിലാക്കി ഏലമ്മാമ്മയോടൊപ്പം സ്റ്റീഫൻ മടക്കയാത്ര ആരംഭിച്ചു. അന്ന് മൊബൈൽ ഫോൺ ഇല്ലായിരുന്നു. തിരികെ പേരാമ്പ്ര എത്തി ഒരു ടെലിഫോൺ ബൂത്തിൽ നിന്ന് വീ



ട്ടിലേയ്ക്ക് വിളിച്ചപ്പോൾ വിക്രം സുരക്ഷിതനായി വീട്ടിൽ ഉണ്ടെന്നും, ആർ. കെ. കെ. ബസ് ജീവനക്കാർ കോഴിക്കോട്ടുനിന്ന് മടക്കട്രിപ്പിൽ ആ ബസിൽ കയറിയ അവനെ സുരക്ഷിതനായി സ്ക്കൂളിൽ എത്തിക്കുകയും, സ്ക്കൂളിൽ നിന്ന് സ്റ്റാഫംഗങ്ങൾ വീട്ടിൽ എത്തിക്കുകയും ചെയ്തു, എന്നറിഞ്ഞു. ഏലമ്മാമ്മയും സ്റ്റീഫനും വീട്ടിലെത്തുമ്പോൾ അയൽക്കാർ സ്റ്റീഫന് കാവൽ നിൽക്കുന്നുണ്ടായിരുന്നു.

അടുത്ത ദിവസം രാവിലെ സ്റ്റീഫൻ പറഞ്ഞു. 'ഇനി നീ ഇവിടെ നിന്നാൽ ശരിയാവില്ല. നിന്റെ ടി.സി വാങ്ങി തിരിച്ച് വീട്ടിലേയ്ക്ക് പൊയ്ക്കൊള്ളൂ. പഴയവിദ്യാലയത്തിൽ പഠിപ്പുതുടരാം.' ഏലമ്മാമ്മയ്ക്കും ഈ നിർദ്ദേശം സ്വീകാര്യമായി. അടുത്തദിവസം ടി.സി. വാങ്ങി. വിക്രമിനെ അമ്മാമ്മയോടൊപ്പം പേരാമ്പ്രവരെ അനുഗമിച്ച് അവർക്കുള്ള ബസുകൂലി, ഔതപ്പാപ്പന് കുറച്ച് പൈസയും ഏലമ്മാമ്മയുടെ കയ്യിൽ വെച്ചുകൊടുത്തപ്പോൾ ആ അമ്മയുടെ നേത്രത്തിൽ നിന്ന് ചുടുകണ്ണീർ അടർന്നുവീഴുന്നുണ്ടായിരുന്നു. അവരെ യാത്രയാക്കി പേരാമ്പ്രനിന്ന് കൂരാച്ചുണ്ടി ലേയ്ക്ക് ബസ്സിൽ സഞ്ചരിക്കുമ്പോൾ തീപ്പൊള്ളലേറ്റ് നിസ്സഹായനായി കിടക്കുന്ന ഔതപ്പാപ്പന്റെ രൂപമായിരുന്നു മനസ്സുനിറയെ. അന്നു രാത്രി സ്റ്റീഫൻ സ്വസ്തമായി ഉറങ്ങി.

കുയിൽ നാദവും, കൂരിരുൾ കിടാത്തിമാരുടെ സ്വരരാഗവും കേട്ടുണർന്ന സ്റ്റീഫന് കട്ടൻ കാപ്പി കൊടുക്കുമ്പോൾ, സ്റ്റീഫന്റെ വീട്ടുകാരി ഇങ്ങനെ പറഞ്ഞു. "വേണ്ടാത്ത വയ്യാവേലി തലയിൽ എടുത്തുവെക്കാതെ ഇനിയെങ്കിലും സൂക്ഷിച്ചാൽ നന്ന്.' സ്റ്റീഫൻ നിശ്ശബ്ദനായി കട്ടൻകാപ്പി മൊത്തിക്കുടിച്ചു.



എം.എം ഗോപാലൻ
നാറാത്ത് ഉള്ളിയേരി

# കോരേട്ടന്റെ കടത്തുവള്ളം

കടത്തുകാരൻ കോരേട്ടൻ എല്ലാവർക്കും പ്രിയങ്കരനാണ്. എല്ലാവരും സ്നേഹത്തോടെ വിളിക്കും. കോരേട്ടാ..എന്ന്. രാവിലെ മുതൽ രാത്രിയാകുംവരെ അക്കരെയും ഇക്കരെയും ആളുകളെ ഇറക്കും. സ്കൂൾ കുട്ടികളോട് പൈസ വാങ്ങൂല. സ്നേഹത്തോടെ പറയും മക്കളെ നിങ്ങൾ വിശക്കുമ്പോൾ ഈപൈസക്ക് എന്തെങ്കിലും വാങ്ങി കഴിച്ചോളൂ...എന്നാലും കൈ നിറയെ പൈസയാണ്... രാത്രി എപ്പോ വന്ന് വിളിച്ചാലും കോരേട്ടൻ വള്ളം ഇറക്കും, പൈസ തന്നില്ലെങ്കിലും ചോദിക്കില്ല. ചിലർ ഒന്നും മിണ്ടാതെ ഇറങ്ങിപോകും. ചിലർ തോണിക്കൊമ്പിൽ വച്ചിട്ട് പോകും.

ആരോടും ഒരു പരാതിയുമില്ല. എല്ലാവിശേഷ ദിവസങ്ങളിലും കോരേട്ടന് തിരക്കാണ്. കോരേട്ടൻ പറയും എനിക്ക് എന്നും ഓണമാണ്. നിങ്ങളുടെ സ്നേഹമാണ് എനിക്ക് വലുത്. കാറ്റിലും മഴയിലും വെള്ളപ്പൊക്കത്തിലും ഒരിക്കലും പതറാതെ വള്ളം കരക്കടുപ്പിക്കാൻ കോരേട്ടനെപോലെ ഒരു തുഴക്കാരൻ ഒരു കടവിലും കാണില്ല.

കോരേട്ടന് ഒരേയൊരു ദുഖ മുണ്ടായിരുന്നുള്ളു. മകൻ പഠിച്ചിട്ട് ഒരു ജോലിയും കിട്ടിയില്ല. കോരേട്ടൻ മകനോട് പറഞ്ഞു നിനക്ക് ജോലി കിട്ടിയില്ലെങ്കിലും എന്റെ വരുമാനംകൊണ്ട് നമുക്ക് സുഖമായി കഴിയാം. നാളെ മുതൽ എന്റെ കൂടെ പോര്, എന്റെ കാലശേഷം ഈ കടവിൽ ആരെങ്കിലും വേണ്ടേ? ഈ കടവിൽ ഒരുപാലം പണിയാൻ ഏത് സർക്കാർവന്നാലും കഴിയുന്നില്ല. ജനങ്ങളുടെ അത്താണിയാണ് ഈ കടവും തോണിയും. കോരേട്ടന്റെ മകൻ പിറ്റേ ദിവസം പണിക്ക് വന്നു. തോണിയിലെ വെള്ളം മുക്കിക്കളയാനും തുഴയാനും തുടങ്ങി. കോരേട്ടന് സന്തോഷമായി എന്റെ കാലശേഷം എന്റെ മകൻ തന്നെ പോലെയാകും.

> അച്ഛാ...എല്ലാറ്റിനും വില വർധിച്ചതാണ്. തുച്ഛമായ വരുമാനംകൊണ്ട് എന്ത് ചെയ്യാനാണ്, അത്കൊണ്ട് നമുക്ക് കാശ് കൂട്ടണം. കോരേട്ടൻ പറഞ്ഞു. മോനെ പണ്ടാരോ പറഞ്ഞിട്ടുണ്ട് പരോപകാരം ചെയ്താൽ പാരിൽ നല്ലതുവരുമെന്ന്

ഇത്കൊണ്ട് സമ്പാദിക്കാൻ കഴിഞ്ഞില്ലെങ്കിലും പട്ടിണികിടക്കേണ്ടി വരില്ല. ഒരു ദിവസംമകൻ പറഞ്ഞു അച്ഛാ...എല്ലാറ്റിനും വില വർധിച്ചതാണ്. തുച്ഛമായ വരുമാനംകൊണ്ട് എന്ത് ചെയ്യാനാണ്, അത്കൊണ്ട് നമുക്ക് കാശ് കൂട്ടണം. കോരേട്ടൻ പറഞ്ഞു. മോനെ പണ്ടാരോ പറഞ്ഞിട്ടുണ്ട് പരോപകാരം ചെയ്താൽ പാരിൽ നല്ലതുവരുമെന്ന്, മോനേ ഇത്രയും കാലം പട്ടിണി കിടക്കാതെ കഴിഞ്ഞില്ലെ. മകൻ എന്തൊക്കയോ പിറുപിറുക്കുന്നുണ്ടായിരുന്നു. പിന്നെ അവനെ ഉപദേശിക്കാൻ പോയില്ല.

കോരേട്ടന് വയ്യാതായി, വാർധക്യത്തോട് അടുത്ത് തുടങ്ങി. മകനോട് പറഞ്ഞു. മോനെ നീ പോയാൽ മതി, സ്കൂൾ കുട്ടികളോട് പൈസ വാങ്ങരുത്, എല്ലാവരും നല്ലത് പറയണം. എനിക്ക് നല്ലൊരു പേരുണ്ട്. അത് നീ കളഞ്ഞ് മുടിക്കരുത്. അവൻ എല്ലാവരോടും കണക്ക് പറഞ്ഞ് പൈസ വാങ്ങാൻ തുടങ്ങി. വള്ളം കരക്ക് അടുപ്പിക്കില്ല. വള്ളത്തിൽ തന്നെ കുത്തിനിർത്തും. വള്ളത്തിൽ നിന്ന് ഇറങ്ങുമ്പോൾ ഉടുമുണ്ട് എല്ലാം നനയും. എല്ലാവരും പറയും കോരേട്ടൻ പാവമായിരുന്നു. ഇവൻ ശരിയല്ല' രാവിലെ തോണിക്കാരനെ കാണാത്തതുകൊണ്ട്ആളുകൾ കൂകി വിളിക്കാൻ തുടങ്ങി. കോരേട്ടൻ മകനോട് പറഞ്ഞു. മോനേ നീവേഗം ചെല്ല്. ദൂരെ സ്ഥലത്ത് ജോലിക്ക് പോകുന്നവരാണ്. കർക്കിടക മാസത്തിലെ തോരാമഴ പെയ്തുകൊണ്ടിരുന്നു. വയലും തോടും പുഴയും എല്ലാം ഒരുപോലെയായി. മിന്നലും ഇടിയും മഴയും പിന്നേം വന്നു. ആരെക്കയോ കൂകി വിളിക്കുന്നു. കോരേട്ടൻ പറഞ്ഞു, മോനേ നീ ചെല്ല്. അച്ഛാ ഈ മഴയത്ത് തോണി ഇറക്കാൻ എനിക്ക് വയ്യ. അവൻ ഇറങ്ങിയില്ല. കോരേട്ടൻ ഊന്നു വടിയുമായികടവിലേക്ക് വന്നു. എല്ലാവരും മകനെ തിരക്കി. കോരേട്ടൻ പറഞ്ഞു. അവന് സുഖമില്ല. അതിൽ ചിലർ പറഞ്ഞു, കോരേട്ടൻ തോണി ഇറക്കണ്ട. ഞങ്ങൾ ജോലിക്ക് പോകുന്നില്ല. കോരേട്ടൻ പറഞ്ഞു.

എത്രയോ കാലം പങ്കായം പിടിച്ച കയ്യാണ്. ഇത് നിങ്ങൾ പേടിക്കേണ്ട കയറക്കോളൂ...എല്ലവരും വള്ളത്തിൽ കയറി, മഴ ശക്തിയായി പെയ്തു തുടങ്ങി.

മെല്ലെ വള്ളം ഇറക്കി. പെട്ടന്ന് മലവെള്ളം കുത്തിയൊഴുകി വന്നു. വള്ളത്തിന്റെ നിയന്ത്രണം വിട്ടു. കോരേട്ടൻ ആവുന്നതും വള്ളം കരയ്ക്കടുപ്പിക്കാൻ ശ്രമിച്ചു, പക്ഷെ കഴിഞ്ഞില്ല. എല്ലാവരും ഭയന്ന് വിറച്ചു. വള്ളം ഒഴുക്കിൽപെട്ട് വട്ടം കറങ്ങി. എല്ലാവരും ചാടി രക്ഷപ്പെട്ടെങ്കിലും വള്ളത്തോടൊപ്പം കോരേട്ടനും യാത്രയായി...





ഈ ആത്മബന്ധം, ആപ്പിനും അപ്പുറം
FEDERAL BANK
YOUR PERFECT BANKING PARTNER
ഊഷ്മളമാകട്ടെ ബന്ധങ്ങൾ,
ഉജ്ജ്വലമാകട്ടെ ആഘോഷങ്ങൾ!
GRAND ONAM FED ONAM
ഒത്തുചേരലുകളുടെ ആഹ്ലാദാരവങ്ങളുമായി ഓണം ഇതാ ഇങ്ങെത്തി. ഈ ഓണത്തിന് നിങ്ങളുടെയും നിങ്ങളുടെ പ്രിയപ്പെട്ടവരുടെയും സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കൂ, ഫെഡറൽ ബാങ്കിന്റെ ആകർഷകമായ ലോൺ/കാർഡ്/ ഡെപ്പോസിറ്റ് ഓഫറുകളിലൂടെ. ആഘോഷിക്കൂ ഈ ഓണം ഫെഡറൽ ബാങ്കിനൊപ്പം.
ക്രെഡിറ്റ് & ഡെബിറ്റ് കാർഡ് ഓഫറുകൾ
ഡിസ്ക്കൗണ്ടും ക്യാഷ്ബാക്കും ഉൾപ്പെടെ ആകർഷകമായ ഒട്ടനവധി ഓഫറുകൾ
വാഹന വായ്പ
• 100%* വരെ വായ്പ
• കുറഞ്ഞ പലിശനിരക്ക്
ഭവന വായ്പ
• 90%* വരെ വായ്പ
• 30 വർഷത്തെ തിരിച്ചടവ് കാലാവധി
ഫെഡ്മൊബൈൽ
ഇന്നുതന്നെ ഡൗൺലോഡ് ചെയ്യൂ... അനായാസ ബാങ്കിംഗ് ആസ്വദിക്കൂ
സ്വർണ്ണ വായ്പ
നിങ്ങളുടെ സ്വർണ്ണം, നിങ്ങളുടെ സ്വപ്നം
• കുറഞ്ഞ പലിശനിരക്ക്
• കൂടുതൽ വായ്പാതുക
വ്യക്തിഗത വായ്പ
• കുറഞ്ഞ പ്രോസ്സസിംഗ് ഫീ
• 11.50%* മുതൽ പലിശനിരക്ക്
ഇന്നുതന്നെ തുറക്കൂ ഫെഡറൽ ബാങ്കിൽ ഒരു സേവിംഗ്സ് അക്കൗണ്ട്.
ആസ്വദിക്കൂ, ലോകോത്തര ബാങ്കിംഗ് സേവനം.
ഓഫറുകളെക്കുറിച്ച് കൂടുതൽ അറിയാൻ QR കോഡ് സ്കാൻ ചെയ്യുക
*നിബന്ധനകൾക്ക് വിധേയം
24x7
1800 420 1199
1800 425 1199
+91 484 2630994/5 (NRI)
www.federalbank.co.in

RNI No. KERAMAL/ 75307/ 2016 Date of Publication: 01-09-2024

